ഉത്തരം

(എ) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, ആലപ്പുഴ, കോട്ടയം എന്നീ ജില്ല കളിലാണ് ആദ്യഘട്ടം എന്നനിലയിൽ വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ആദ്യഘട്ടത്തിൽ മലപ്പുറം ജില്ലയിലെ 50 ഹെക്ടർ സ്ഥലം ആണ് ഇതിലേയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

കൃഷി വകുപ്പ് വൈദ്യുതി ചാർജ് അടയ്ക്കാത്തതായുള്ള പരാതി

(379) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കല്ലറ വില്ലേജിലെ വിവിധ പാടശേഖരങ്ങളിൽ കഴിഞ്ഞവർഷം പമ്പിംഗ് നടത്തിയതിന്റെ വൈദ്യുതി ചാർജ് കൃഷി വകുപ്പ് അടച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷത്തെ വൈദ്യുതി ചാർജ് അടയ്ക്കാത്തതിനാൽ ഈ വർഷം കെ.എസ്.ഇ.ബി. കണക്ഷൻ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷത്തെ തുക അടയ്ക്കുന്നതിനും ഈ വർഷം അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശി ക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പാടശേഖരങ്ങൾ ഉൾപ്പെടുന്ന തലയോലപ്പറമ്പ്, തലയാഴം ഇലക്ട്രിക്കൽ മേജർ സെക്ഷനിൽനിന്നും ഡിമാന്റ് നോട്ടീസ് ലഭിക്കാത്ത താണ് കാരണം.

(സി) ഉണ്ട്

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പാടശേഖരങ്ങൾക്ക് റീകണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപ ടികൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

കൃഷി ഭവനുകളുടെ പ്രവർത്തനം

(380) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കൃഷി ഭവനുകൾ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആധുനിക കൃഷിരീതി കർഷകരെ പഠിപ്പിക്കുവാൻ കൃഷി ഭവനുകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(സി) ഗ്രാമീണ കർഷകരിൽ പുതിയ കാർഷികരീതികൾ എത്തിക്കുവാൻ കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. കാർഷികവിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കൃഷിക്കാർക്ക് ആവശ്യമായ സാങ്കേതിക വിജ്ഞാനം നൽകുന്നു.

2. കൃഷി വകുപ്പും ത്രിതല പഞ്ചായത്തും നടപ്പാക്കുന്ന വിവിധ പദ്ധതികൾ യഥാസമയം കർഷകരിൽ എത്തിക്കുന്നു. കൂടാതെ പഞ്ചായത്തു തലത്തിൽ ജനപങ്കാളിത്തത്തോടെ പദ്ധതി രൂപീകരണവും നടത്തുന്നു.

3. ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ യഥാസമയം കർഷകരിൽ എത്തിക്കുന്നു.

4. പ്രകൃതിക്ഷോഭംമൂലം കാർഷിക നഷ്ടം സംഭവിക്കുമ്പോൾ അത് തിട്ടപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുകയും വിള ഇൻഷ്വറൻസ്, കർഷകരക്ഷാ ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുകയും ചെയ്യുന്നു.

5. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ബി) 1. കൃഷിഭവൻ തലത്തിൽ സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും വിവധ വിളകളുടെ പരിശീലനത്തെക്കുറിച്ചുള്ള ലഘുലേഖകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുകയും ചെയ്യുന്നു.

2. കഴിഞ്ഞ സാമ്പത്തികവർഷം (99-2000) കർഷകർക്ക് നവീനരീതിയിലുള്ള സാങ്കേതികവിദ്യ പകർന്നുനൽകുന്നതിന്റെഭാഗമായി 152 കൃഷി ഭവനുകളിൽ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

(സി) കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് ചർച്ചായോഗങ്ങൾ നിലവിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. ആയത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും കർഷക സെമിനാറുകൾ സംഘടിപ്പിക്കുന്നതാണ്. ഇതിനായി ഉയർന്ന ഉദ്യോഗസ്ഥൻമാർക്കുള്ള പഠനശാല നടത്തിക്കഴിഞ്ഞു.

റബ്ബറിന്റെയും തേങ്ങയുടെയും വിലയിടിവ് തടയുന്നതിന് നടപടി

(381) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) റബ്ബറിന്റെയും തേങ്ങയുടെയും വിലയിടിവ് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) റബ്ബറിന്റെയും കൊപ്രയുടെയും താങ്ങുവില വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) റബ്ബറിന്റെ വാങ്ങൽ നികുതി ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം അടിയന്തിരമായി പുറപ്പെടുവിച്ച് എസ്.ടി.സി.യെക്കൊണ്ട് റബ്ബർ സംഭ

LIBRARY ARCHIVES Kerala Legislative Assembly